അഞ്ചൽ ഗ്രാമപഞ്ചായത്ത്

അഞ്ചൽ പി.ഒ. പിൻ-691306, കൊല്ലം ജില്ല

ഫോൺ 0475-2273236, ഇമെയിൽ anchalgp@gmail.com

An ISO 9001:2015 Certified office

ICDS/ACL/04/26 14/10/26

ക്വട്ടേഷൻ പരസ്യം

അഞ്ചൽ ഗ്രാമപഞ്ചായത്തിലെ നെടിയറ തഴമേൽ പ്രവർത്തിച്ചു വരുന്ന സായംപ്രഭ ഹോമിലെ വയോജനങ്ങളെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വാഹനത്തിൽ കയറ്റി സായംപ്രഭ ഹോമിൽ എത്തിക്കാനും തിരികെ വീടുകളിൽ എത്തിക്കാനും വാഹനത്തിന്റെ ഉടമകളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു .

കരാർ അടിസ്ഥാനത്തിൽ പാസ്സഞ്ചർ വാഹനം നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ / സ്ഥാപനങ്ങളാണ് ക്വട്ടേഷനിൽ പങ്കെടുക്കേണ്ടത് . ഒരു വർഷത്തേയ്ക്ക് വാടക വ്യവസ്ഥയിൽ നിബന്ധനകൾക്ക് വിധേയമായി ടാക്സി വാഹനം ഓടിക്കുന്നതിനുള്ള നിരക്ക് (RATE/KM) രേഖപ്പെടുത്തിയ മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷനുകളാണു നൽകേണ്ടത്

നിബന്ധനകൾ

1. പ്രവർത്തി ദിവസങ്ങളിൽ രണ്ടു സമയമായി വാഹനം ഓടിക്കുന്നതിനുള്ള കിലോമീറ്റർ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്
2. വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ടാക്സ് ഒടുക്കിയ രേഖ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് വാഹനം ഓടിക്കുന്ന ഡ്രൈവറുടെ ലൈസൻസ് എന്നിവയുടെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്

3. വാഹനത്തിന്റെ മൈന്റെനൻസ് ഡ്രൈവറുടെ വേതനം ഇന്ധന ചിലവുകൾ ടോൾ മറ്റു വാഹന സംബന്ധമായ എല്ലാ ചിലവുകളും കരാറുകാരൻവഹിക്കേണ്ടതാണ്.
4. കരാറിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ തുക അനുവദിക്കുന്നതല്ല .
5. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം ലഭ്യമാക്കാൻ കരാറുകാരന് സാധിച്ചില്ല എങ്കിൽ കരാറുകാരൻ സ്വന്തം ചിലവിൽ മറ്റൊരു വാഹനം ലഭ്യമാക്കേണ്ടതാണ്

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 23/10/2026 3.00 പിഎം

ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്ന തിയതി 23/10/2026 4.00 പിഎം

ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ തുറക്കുന്ന തിയതി നീട്ടി വയ്ക്കേണ്ടിവന്നാൽ തിയതി പിന്നീട അറിയിക്കുന്നതാണ്. ഭരണ സമിതി തീരുമാനം അടിസ്ഥാനപ്പെടുത്തി ക്വട്ടേഷൻ അംഗീകരിക്കുന്നത് അനുസരിച്ചു ക്വട്ടേഷൻ ലഭിക്കുന്നവർ പഞ്ചയാത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസം ഓഫീസിൽ അന്വേഷിച്ച് അറിയാവുന്നതാണ്

ഐ സി ഡി എസ് സൂപ്പർവൈസർ

അഞ്ചൽ ഗ്രാമ പഞ്ചായത്ത്

ICDS SUPERVISOR
Anchal Grama Panchayath